ഉത്തരം

1,10,59,849 രൂപയുടെ തുണിത്തരങ്ങൾ സംഭരിച്ച ആയതിന് ഹാന്റെക്സ് ഭരണ സമിതിയുടെ അംഗീകാരം ഉണ്ടായിരുന്നു. ഹാന്റക്സിൽ നിന്നും ഇതുസംബന്ധിച്ച് ഉത്തരവുകളൊന്നും ഇറക്കിയിട്ടില്ല ഇക്കാര്യത്തിലുള്ള ഭരണസമിതി യോഗതീരുമാനം, ഇൻവോയിസ് എന്നിവയുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

ഹാന്റക്സിന്റെ മാനേജിംഗ് ഡയറക്ടർ നിയമനം

265 (2503) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹാന്റക്സിന്റെ ബൈലോ പ്രകാരവും ബഹു. ഹൈക്കോടതിയുടെ ഉത്തരവുപ്രകാരവും വ്യവസായ വകുപ്പിലെ ജോയിന്റ് ഡയറക്ടർ റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെത്തന്നെ ഹാന്റക്സിന്റെ മാനേജിംഗ് ഡയറക്ടറായി നിയമിക്കണം എന്നു നിഷ്കർഷിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇപ്പോൾ അവിടെ മാനേജിംഗ് ഡയറക്ടറെ നിയമിച്ചത് മേൽപറഞ്ഞ നിബന്ധനക്കു വിധേയമായിട്ടല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ആയതു തിരുത്തുവാൻ നടപടി സ്വീകരിക്കുമോ ;

(ഡി) ഇപ്പോഴത്തെ ഹാന്റക്സിന്റെ മാനേജിംഗ് ഡയറക്ടറുടെ പേരിൽ എത്ര വിജിലൻസ് കേസുകൾ ഉണ്ടായിട്ടുണ്ട് എന്നും ആയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കുമോ ;

(ഇ) പ്രസ്തുത മാനേജിംഗ് ഡയറക്ടറെ നാളിതുവരെയുള്ള സർവ്വീസിൽ എത്രതവണ സസ്പെന്റ് ചെയ്തിട്ടുണ്ടെന്നും ആയതിന്റെ ഓരോന്നിന്റെയും കാരണങ്ങളും വിശദമാക്കുമോ ;

(എഫ്) ഹാന്റെക്സിന്റെ മാനേജിംഗ് ഡയറക്ടറായി നിയമിക്കപ്പെടുന്നതിന് പ്രസ്തുത വ്യക്തിക്ക് ഉള്ള യോഗ്യതകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഫുൾടൈം സർക്കാർ ഉദ്യോഗസ്ഥനായിരിക്കണം എന്ന് ബൈലായിൽ നിഷ്കർഷിച്ചിട്ടുണ്ട്.

(ബി&സി) ഹാന്റക്സിൽ ഇപ്പോൾ മാർക്കറ്റിംഗ് മാനേജർക്ക് മാനേജിംഗ് ഡയറക്ടറുടെ അധിക ചുമതലയാണ് നൽകിയിട്ടുള്ളത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) രണ്ട് വിജിലൻസ് കേസ്സുകൾ ഉണ്ടായിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

(ഇ) രണ്ട് പ്രാവശ്യം സസ്പെന്റ് ചെയ്തിട്ടുണ്ട്. ആയതിന്റെ കാരണങ്ങൾ പിരിവ് ഡി'-യുടെ ഉത്തരത്തോടൊപ്പമുള്ള അനുബന്ധത്തിൽ വിശദമാക്കിയിട്ടുണ്ട്.

(എഫ്) ഹാന്റ്ക്ലൂലെ മാർക്കറ്റിംഗ് മാനേജർക്ക് മാനേജിംഗ് ഡയറക്ടറുടെ അധികചുമതലയാണ് നൽകിയിട്ടുള്ളത്.

ഇ-പേമെന്റ് ഗേറ്റ്വേ

266 (2504) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇ-പേമെന്റ് ഗേറ്റ്വേ നിലവിൽ വന്നിട്ടുണ്ടോ ;

(ബി) ഇതിന്റെ ലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) സർക്കാർ സേവനങ്ങൾക്കാവശ്യമായി വരുന്ന പണമിടപാടുകൾ ഓൺലൈനായി നടത്താൻ എന്തെല്ലാം സൗകര്യങ്ങളാണ് ഇതിലുള്ളതെന്ന് വിശദമാക്കുമോ ;

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) നിലവിൽ വന്നിട്ടുണ്ട്.

(ബി) സർക്കാർ സേവനങ്ങൾ ഓൺലൈനായി പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന അവസരത്തിൽ അത്തരം സേവനങ്ങളുമായി ബന്ധപ്പെട്ട ഫീസുകളും മറ്റും ബാങ്കിന്റെ സഹകരണത്തോടെ ഓൺലൈനായി അടയ്ക്കുവാൻ സഹായിക്കുന്ന സംവിധാനമാണ് ഇ-പേമെന്റ്. ഈ സംവിധാനം വിവിധ സർക്കാർ സ്ഥാപനങ്ങളുടെ ഓൺലൈൻ സംവിധാനവുമായി യോജിപ്പിച്ച് പണമിടപാടുകൾ നടത്താൻ സാധിക്കുന്നതാണ്. ഇതുകൂടാതെ ട്രഷറിയിലേക്ക് നേരിട്ട് ഓൺലൈൻ ആയി പണമടയ്ക്കുന്നതിനുള്ള സംവിധാനവും നിലവിലുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly